# പുളിയേറ്റുമ്മൽ: മലപ്പുറത്തിന്റെ ലാലൂർ

ഷബീബ് മലപ്പുറം

അന്തരീക്ഷത്തിൽ ഉയർന്നു വീശുന്ന ദുർഗന്ധം നിറഞ്ഞ കാറ്റ്. വീടു മുഴുവൻ നിറഞ്ഞുനിൽക്കുന്ന ഈച്ചകളും ക്ഷുദ്രജീവികളും. നാട്ടിൽ അലഞ്ഞുനടക്കുന്ന നായ്ക്കൾ........കുറുക്കന്മാർ,......മലിനജലം ഒലിച്ചിറങ്ങി ഉപയോഗശൂന്യമായ കിണറുകൾ.....

ഇത് പുളിയേറ്റുമ്മൽ-നഗരമാലിന്യങ്ങൾ ഏറ്റുവാങ്ങി കുടിവെള്ളവും ശുദ്ധവായുവും നിഷേധിക്കപ്പെട്ട മലപ്പുറം ജില്ലയുടെ ദുരിതപാതാളം.

'ഒരു നഗരത്തിന്റെ യഥാർത്ഥ മുഖം കാണാനാവുക അതിന്റെ കുപ്പത്തൊട്ടിയിൽ നിന്നാണ്' എന്ന പഴമൊഴി ഇവിടേയും സത്യമാകുന്നു. മലപ്പുറം മുനിസിപ്പാലിറ്റിയിലെ 30ാം വാർഡിൽ ഉൾപ്പെടുന്ന പുളിയേറ്റുമ്മൽ, ഊതക്കല്ല്, ഭൂതാനം കോളനി എന്നീ പ്രദേശങ്ങളാണ് ഇവിടെയുള്ള മാലിന്യനിക്ഷേപകേന്ദ്രം മൂലം ദുരിതമനുഭവിക്കുന്നത്.

കുടിവെള്ളത്തിനു ബുദ്ധിമുട്ടുള്ള ഈ പ്രദേശങ്ങളിലുണ്ടായിരുന്ന അപൂർവ്വം കിണറുകൾ മലിന ജലം ഒലിച്ചിറങ്ങി ഉപയോഗശൂന്യമാവുകയായിരുന്നു. ദൂരെയുള്ള കിണറുകളിൽ പോലും പക്ഷികൾ മാലിന്യങ്ങൾ കൊത്തിക്കൊണ്ടുപോയിടുന്നു. വൈകുന്നേരമായാൽ കൂട്ടത്തോടെ പുറത്തിറങ്ങുന്ന കുറുക്കന്മാരും നായ്ക്കളും ആക്രമിക്കുന്നതുകാരണം നിരവധി വളർത്തുമൃഗങ്ങൾക്ക് ജീവൻ നഷ്ടപ്പെട്ടുകഴിഞ്ഞു. ഒമ്പതോളം ഹരിജൻ കുടുംബങ്ങളുൾപ്പെടെ പാർക്കുന്ന ഭൂതാനം കോളനി വഴി ഒഴുകുന്ന തോട്ടിലാണ് ഇവിടെ നിന്നുള്ള മലിനജലം ഒലിച്ചെത്തുന്നത്. ഈ കോളനിയിലെ ജനങ്ങളുടെ പ്രധാന ആശ്രയമായ തോട് മലിനപ്പെടുന്നതുകാരണം വയറിളക്കവും ഛർദ്ദിയും ഇവിടെ നിത്യസംഭവമാണ്. വാഹനസൗകര്യം പൊതുവെ കുറവായ ഈ പ്രദേശത്തുനിന്നും അത്യാസന്നനിലയിലായ രോഗികളെ അസമയത്ത് ആശുപത്രിയിലേക്കു കൊണ്ടുപോകാൻ ജനങ്ങൾ വിഷമിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവർ ദൂരെ മലപ്പുറം നഗരത്തിലുള്ള ജില്ലാ ഗവൺമെന്റ് ആശുപത്രിയെയാണ് ആശ്രയിക്കുന്നത്.

മാലിന്യനിക്ഷേപകേന്ദ്രത്തിനു സമീപത്തുതന്നെയാണ് മലപ്പുറം ജില്ലാ വ്യവസായകേന്ദ്രവും പ്രവർത്തിക്കുന്നത്. മാലിന്യകേന്ദ്രത്തിന്റെ ഏറ്റവുമടുത്തായി സി.ബി.എൻ.പി. യുടെ കയർനിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. ഇരുപതിൽപ്പരം തൊഴിലാളികൾ ഇവിടെ നിത്യേന മലിന വായു ശ്വസിച്ചാണ് കഴിയുന്നത്. ഇപ്പോൾ വ്യവസായകേന്ദ്രം സ്ഥിതിചെയ്യുന്ന മുനിസിപ്പാലിറ്റിയുടെ ഭൂമിയിലാണ് നേരത്തെ മാലിന്യം നിക്ഷേപിച്ചിരുന്നത്. ഈ ഭൂമി നേരത്തെ കൈവശം വച്ചിരുന്ന മലപ്പുറം മുനിസിപ്പാലിറ്റിയുടെ മുൻ വൈസ് ചെയർമാനാണ് തന്റെ ഭൂമിയിൽ മാലിന്യം നിക്ഷേപിക്കാൻ മുനിസിപ്പാലിറ്റിക്ക് അനുമതി നൽകിയത്.

ഈ ഭൂമി പിന്നീട് വ്യവസായകേന്ദ്രത്തിനുവേണ്ടി അക്വയർ ചെയ്തതോടെ ഇവിടെ മാലിന്യം നിക്ഷേപിക്കുന്നത് കലക്ടർ വിലക്കുകയായിരുന്നു.

ഒരു ചുറ്റുമതിൽ പോലുമില്ലാത്തതാണ് ഇപ്പോൾ മാലിന്യം നിക്ഷേപിക്കുന്ന നാല് ഏക്കർ ഭൂമി. യഥാർത്ഥത്തിൽ മിച്ചഭൂമിയായിരുന്ന ഈ പ്രദേശം. ചില കൗശലങ്ങളിലൂടെ മുനിസിപ്പൽ അധികൃതർ മാലിന്യനിക്ഷേപകേന്ദ്രമാക്കുകയായിരുന്നു എന്ന് നാട്ടുകാർ പറയുന്നു. ഇതിന്റെ തൊട്ടടുത്തുകിടക്കുന്ന പ്ലോട്ട് പൊതുമേഖലാസ്ഥാപനമായ 'കെല്ലി' ന്റേതാണ്. കെല്ലിന്റെ ഭൂമിയിലൂടെ അനധികൃതമായി ഉണ്ടാക്കിയ റോഡിലൂടെ ആണ് മാലിന്യങ്ങൾ പോകുന്നത്.

കലക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, മുനിസിപ്പൽ അധികൃതർ എന്നിവർക്ക് നിരവധി പരാതികൾ നൽകിയിട്ടും ഫലം കാണാതെ വന്നപ്പോൾ നാട്ടുകാർ ചേർന്ന് നഗരസഭയുടെ മാലിന്യവണ്ടികൾ ഉപരോധിച്ചിരുന്നു. മാലിന്യം നീക്കാനാവാതെ മലപ്പുറം നഗരം ദുർഗന്ധപൂരിതമായപ്പോഴാണ് അധികൃതർ കണ്ണുതുറന്നത്. പിന്നീട് പോലീസ് സഹായത്തോടെ മാലിന്യവും നിക്ഷേപിക്കാൻ ശ്രമം നടത്തിയെങ്കിലും നാട്ടുകാരുടെ കനത്ത എതിർപ്പുമൂലം നടന്നില്ല. തുടർന്ന് നഗരസഭ അടിയന്തിരകൗൺസിൽ യോഗം ചേർന്ന് ചില ഒത്തുതീർപ്പുവ്യവസ്ഥകളുണ്ടാക്കുകയായിരുന്നു. നഗരസഭാ ഓഫീസ് പരിസരത്ത് കൂട്ടത്തോടെ നിർത്തിയിട്ടിരുന്ന മാലിന്യവണ്ടികളുടെ ദുർഗന്ധം സഹിക്കാനാവാതെ മൂക്കുപൊത്തിപ്പിടിച്ചാണ് നഗരസഭാ അംഗങ്ങൾ പ്രശ്നം ചർച്ചചെയ്തത്!

നേരത്തെ നഗരസഭ മേൽമുറി, പാമ്പാട്ട് രണ്ട് ഏക്കർ 63 സെന്റ് സ്ഥലം ട്രഞ്ചിംഗ് ഗ്രൗണ്ട് നിർമ്മിക്കാനായി അക്വയർ ചെയ്തിരുന്നു. സെന്റിന് 1000 രൂപ വിലയുള്ള ഈ സ്ഥലം 3000 രൂപയ്ക്കാണ് വാങ്ങിയത് എന്ന ആരോപണം ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ പ്രധാന പ്രചാരണമായി മാറിയിരുന്നു. എന്നാൽ ഇവിടേയും നാട്ടുകാരുടെ എതിർപ്പുകാരണം ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടനുസരിച്ച് ആർ.ഡി.ഒ. തുടർനടപടികൾ വിലക്കുകയായിരുന്നു.

അനുയോജ്യമായ മറ്റൊരിടം നഗരസഭാപരിധിയിലില്ലാത്തതിനാൽ പരിസരമലിനീകരണത്തിന് നിയന്ത്രണം ഏർപ്പെടുത്തി പുളിയേറ്റുമ്മൽ തന്നെ മാലിന്യം സംസ്കരിക്കാൻ നാട്ടുകാർ അനുവദിക്കണമെന്നാണ് നഗരസഭയുടെ നിലപാട്.

അഞ്ചുലക്ഷം രൂപ ചെലവിൽ മാലിന്യകേന്ദ്രത്തിനു ചുറ്റുമതിൽ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ് എന്നും നഗരസഭ പറയുന്നു. ജീർണ്ണാവശിഷ്ടങ്ങളിൽ നിന്നുണ്ടാവുന്ന പുഴുക്കളെയും മറ്റും നശിപ്പിക്കാൻ കീടനാശിനിപ്രയോഗവും നടത്തുന്നുണ്ട്.

നഗരമാലിന്യം നിക്ഷേപിക്കുന്ന അവസരം മുതലാക്കി സമീപപ്രദേശങ്ങളിൽ നടക്കുന്ന വലിയ കല്യാണപ്പാർട്ടികളുടേയും മറ്റും മാലിന്യങ്ങളും പലരും ഇവിടെ കൊണ്ടുവന്നു നിക്ഷേപിക്കുന്നതായി നാട്ടുകാർ പറയുന്നു. മാലിന്യനിക്ഷേപകേന്ദ്രം മൂലം ഇവിടെയുള്ള ഭൂമിയുടെ വിലയും കുത്തനെ ഇടിഞ്ഞു. ഇതുകാരണം ഭൂമി വിറ്റ് മറ്റെവിടെയെങ്കിലും മാറിപ്പാർക്കാനും നാട്ടുകാർക്കാവുന്നില്ല.

തികച്ചും അശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്ന മാലിന്യനിക്ഷേപകേന്ദ്രങ്ങൾ സംസ്ഥാനത്തൊട്ടാകെ ജനങ്ങൾക്ക് ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട് 'പുതിയാപ്പ്'യിലുള്ള ട്രഞ്ചിംഗ് ഗ്രൗണ്ട് മൂലം ദുരിതമനുഭവിക്കുന്ന തദ്ദേശവാസികൾ ഈ പഞ്ചായത്ത് ഇലക്ഷനിൽ മാലിന്യപ്രശ്നം ഉയർത്തിക്കാട്ടി മത്സരിച്ച സ്വതന്ത്രസ്ഥാനാർത്ഥിയെ വിജയിപ്പിച്ചിരുന്നു. മലപ്പുറം മുനിസിപ്പാലിറ്റി ഇടതുപക്ഷവും വലതുപക്ഷവും മാറി മാറി ഭരിച്ചിട്ടും ഇതുമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളോട് അനുഭാവപൂർണ്ണമായ ഒരു സമീപനം കൈക്കൊള്ളാൻ ഇരുകൂട്ടർക്കും കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങൾ ഇരുപക്ഷവും ഉയർത്തിക്കാട്ടുമ്പോഴും ശുദ്ധവായുവും കുടിവെള്ളവും നിഷേധിക്കപ്പെട്ട ഒരു ജനതയുടെ ദുർഗതി ആരും കാര്യമായെടുക്കുന്നില്ല.